പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2448 13.02.2013 ലെ മറുപടിയ്ക്ക്

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

| | ചോദ്യം<br><br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ആർ. സെൽവരാജ് | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും നടപടികൾ നടന്നു വരുകയും ചെയ്യുന്നു. ആലപ്പുഴ ജില്ലയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ഉടനെ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സെന്ററുകൾക്ക് വേണ്ട ധനസമാഹ രണം എങ്ങനെ കണ്ടെത്താനാ - ണുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | കാരുണ്യ ബെനവലന്റ് ഫണ്ട് വ്യവസ്ഥയനുസരിച്ച് സഹായത്തിനർഹരായവരും ഡയാലിസിസ് ആവശ്യമായവരുമായ വൃക്കരോഗികൾക്ക് അവരുടെ അപേക്ഷയനുസരിച്ച് അനുവദിക്കുന്ന തുകയിൽ ഒരു നിശ്ചിത ഭാഗം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് മുൻകൂറായി |

| | | |
|---|---|---|
| | | നൽകിയും തികയാത്ത പണം പദ്ധതിയിൽ നിന്നും ഒറ്റതവണ സാമ്പത്തിക സഹായമായും നൽകുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത് ? | സെന്ററുകൾ തുടങ്ങുന്നതിനുള്ള ചുമതല കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.